പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1615 10.02.2020-ൽ മറുപടിയ്ക്ക്

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം<br><br>ശ്രീ.പി.കെ. ശശി | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്തെ കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും, പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി, തദ്ദേശസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജെക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്, റീബിൽഡ് കേരളാ ഇനീഷ്യേറ്റീവ് എന്നിവയിൽ ഉൾപെടുത്തിയും പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പം ആർ.കെ.ഐ. യിൽ ഉൾപെടാത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് ' മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' എന്നപേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമീണ റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ